(ബി) ഹരിതസ്റ്റാളുകളുടെ പ്രവർത്തനത്തെക്കുറിച്ചും വിലനിലവാരത്തെ കുറിച്ചും നിരന്തരം വിലയിരുത്തൽ നടത്തുന്നുണ്ട്.

(സി) ഹരിത സ്റ്റാളുകൾവഴി വിൽക്കുന്ന പച്ചക്കറികൾക്ക് പൊതുവിപണിയിലേതിനേക്കാൾ വില കൂടാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തുനിന്നും കയറ്റി അയയ്ക്കുന്ന കാർഷിക വിഭവങ്ങൾ**

17 (*477) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്നും എന്തെല്ലാം കാർഷിക വിഭവങ്ങളാണ് കയറ്റി അയയ്ക്കുന്നത് ;

(ബി) കാർഷിക വിഭവങ്ങൾ സംസ്ഥാനത്ത് സർക്കാർ നേരിട്ടാണോ കയറ്റി അയയ്ക്കുന്നത് ; ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റി അയയ്ക്കുന്നത് ;

(സി) കയറ്റുമതിയിലൂടെ പ്രതിവർഷം എത്ര രൂപയുടെ വിദേശ നാണയം ലഭ്യമാക്കുന്നു ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) സംസ്ഥാനത്തു നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാന കാർഷിക വിഭവങ്ങൾ താഴെ പറയുന്നു :

1. തേയില
2. കാപ്പി
3. കുരുമുളക്
4. ഇഞ്ചി
5. മഞ്ഞൾ
6. കറി പൗഡറുകൾ
7. കശുവണ്ടി
8. സുഗന്ധവ്യഞ്ജന എണ്ണയും ഒളിയോറസിനും
9. ഏലം, ചുക്ക്, ഗ്രാമ്പു
10. പച്ചക്കറികൾ
11. പഴവർഗ്ഗങ്ങൾ
12. അച്ചാറുകൾ
13. പലഹാരങ്ങൾ
14. നാളികേര ഉൽപ്പന്നങ്ങൾ
15. കയറും കയറുല്പനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ കാർഷിക വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന പ്രക്രിയയിൽ സംസ്ഥാന സർക്കാർ നേരിട്ട് ഇടപെടുന്നില്ല. ഇന്ത്യയിലെ വിവിധ തുറമുഖങ്ങൾവഴി വിവിധ ലൈസൻസുള്ള ഏജൻസി പൊതുമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കയറ്റുമതി നടത്താവുന്നതാണ്. അമേരിക്ക, റഷ്യ പ്രധാനപ്പെട്ട എല്ലാ യൂറോപ്യൻ രാജ്യങ്ങളും, ഏഷ്യൻ രാജ്യങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങൾ, ഓസ്ട്രേലിയ എന്നിവിടങ്ങളിലേക്ക് വിവിധ കാർഷിക ഉൽപ്പന്നങ്ങൾ ആവശ്യകതയനുസരിച്ച് കയറ്റി അയയ്ക്കുന്നുണ്ടെന്നാണ് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത്.

(സി) കൃത്യമായ വിവരം ലഭ്യമല്ല.

**സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ബാങ്ക് വായ്പ അനുവദിക്കുന്നതിൽ വിമുഖത**

**18 (*478)** ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ബാങ്ക് വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് അത് അനുവദിക്കുന്നതിൽ പല ബാങ്കുകളും വിമുഖരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരം വായ്പകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ) സ്വയം തൊഴിൽ വായ്പ അനുവദിക്കുന്ന കാര്യത്തിൽ ചില ബാങ്കുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2002-03 വർഷത്തിൽ കേരളത്തിലെ വാണിജ്യ ബാങ്കുകൾ 1840 കോടി രൂപ ചെറുകിട വ്യവസായങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ട്. ഇത് കണക്കാക്കപ്പെട്ടിരുന്നതിനേക്കാൾ 484 കോടി രൂപ അധികമാണ്.

(ബി) പ്രത്യേകിച്ച് പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് കിട്ടുന്ന പരാതികളെല്ലാംതന്നെ അന്വേഷണ വിധേയമാക്കുന്നുണ്ട്. ബാങ്കുകളുടെ വിവിധ തലങ്ങളിൽ ഈ പ്രശ്നങ്ങൾ ഉന്നയിക്കുകയും ചർച്ച ചെയ്യുകയും ചെയ്യാറുമുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly